# വൈഖരി

## DIGITAL MAGAZINE




## ST.JOSEPH'S HS CHEMPANODA

Unit No.LK/2018/47075

## ഉള്ളടക്കം

എഡിറ്റോറിയൽ ബോർഡ്.........3
സമർപ്പണം.........4
സന്ദേശം.........5
ആശംസ.........6
ലിറ്റിൽ കൈറ്റ്സ് ചെമ്പനോട.........7
സൗഹൃദം.........8
വിദ്യാഭ്യാസത്തിൽ വാർത്താ മാധ്യമങ്ങൾക്കുള്ള പങ്ക്.........9
കഞ്ഞുണ്ണി മാഷ്.........11
ചന്ദ്രയാൻ 1.........13
ആടുജിവിതം.........15
അമ്മ.........20
കഥകളി.........21
ലഹരി ഒരു മരണക്കെണി.........22
പ്രകൃതിയും മനുഷ്യനും.........23
അയ്യങ്കാളി(1868-1941).........25
കലാമണ്ഡലം കല്യാണിക്കുട്ടിയമ്മ.........26
മാലിന്യ നിർമ്മാർജനവും പ്രകൃതി സംരക്ഷണവും.........27
യഥാർത്ഥ സൗന്ദര്യം.........29
ചിലത്.........30
അക്ബർ കക്കട്ടിൽ.........31
അനുഭവക്കുറിപ്പ്.........32
ജീവചരിത്ര കുറിപ്പ്-സുഗതകുമാരി.........34
മഴ.........35
പി കേശവദേവ്.........36
ഓണം.........38
കുഞ്ചൻ നമ്പ്യാർ.........39
കെ കേളപ്പൻ(1889-19710).........42
വിശ്വം ദീപമയം.........43
മഞ്ഞവെയിൽ.........44
നിറവസന്തം.........46
അമ്മ.........47
സൗഹൃദം.........48

# എഡിറ്റോറിയൽ ബോർഡ്

ട്രീസാ തോമസ് (ചീഫ് എഡിററർ)

**അംഗങ്ങൾ**

ഫിയോണ മരിയ

അമൽ പ്രകാശ്

റിൻറ സുനിൽ

വർണ്ണനാ രാജേഷ്

സായാ ജോൺസൻ

കീർത്തന ബൈജു

മീനാക്ഷി ടി എസ്

അലൈന ഷാജു

# സമർപ്പണം



**അക്ഷര ലോകത്തേയ്ക്ക് കടന്നു വരികയാണ്**

**ഞങ്ങളുടെ ഭാവനകൾ...**

**ഈ വിദ്യാലയത്തിലെ**

**കലാസാഹിത്യ പ്രതിഭകളുടെ**

**അക്ഷര സദ്യയാണിത്**

**സാങ്കേതിക വിദ്യകളുടെ പിന്തുണ**

**ഇതിന് ചാരുത നൽകുന്നുണ്ട്**

**സഹൃദയ സമക്ഷം സമർപ്പിക്കുന്നു....**

**സ്വീകരിച്ചാലും....**

**ട്രീസാ തോമസ്   (ചീഫ് എഡിററർ)**

# സന്ദേശം

'വൈഖരി' ചിന്തയുടെ നാദമാണ്.......
കുഞ്ഞു മനസുകളിലെ ഭാവനയുടെ ചിറകടി
നാദം ഇതിൽ മുഴങ്ങിക്കേൾക്കാം...
വിശ്വസാഹോദര്യം സ്വപ്നം
കാണുന്ന കുരുന്നുകളുടെ നിഷ്കളങ്ക
രചനകളാണ് 'വൈഖരി'യിൽ നിറഞ്ഞു നിൽക്കുന്നത്.....
ഭാവനയുടെ ചിറക്കുകൾ
വിടർത്തി സാഹിത്യ നഭസിൽ
പറന്നുയരുന്ന പട്ടങ്ങളായി
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ മാറട്ടെ .....
പ്രതിഭയുടെ ചിറകടി നാദമാണ്
'വൈഖരി'യുടെ ഓരോ
പേജിലും മുഴങ്ങി നിൽക്കുന്നത്......

ആശംസകളോടെ.......

തോമസ് സി ജെ (കൈറ്റ് മാസ്റ്റർ)
സബിത മാത്യു (കൈറ്റ് മിസ്ട്രസ്)

# ആശംസ



പ്രിയമുള്ളവരെ,

സെന്റ് ജോസഫ്സ് ഹൈസ്കൂൾ ചെമ്പനോടയിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ് ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്ന് അറിഞ്ഞതിൽ അതിയായ സന്തോഷം. കുട്ടികളിൽ ഒളിഞ്ഞിരിക്കുന്ന കഴിവുകൾ വാക്കുകളായും, വരകളായും,വർണ്ണങ്ങളായും ഈ ഡിജിറ്റൽ മാഗസിനിൽ വിരിയും എന്ന് എനിക്ക് ഉറപ്പുണ്ട്. ഇത് വായിക്കുന്നവർക്ക് പുതിയ ഒരു വായനാ അനുഭവം ഉണ്ടാവട്ടെ എന്ന് ആശംസിക്കുന്നു.

ഹെഡ് മിസ്ട്രസ്

ഷാന്റി വി കെ.

# ലിറ്റിൽ കൈറ്റ്സ് ചെമ്പനോട

**ചെമ്പനോട സെൻറ് ജോസഫ്സ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനം വിജയകരമായി തുടർന്നു കൊണ്ടിരിക്കുന്നു. 10-ാംക്ലാസ്സിൽ 23 കുട്ടികളും 9-ാം ക്ലാസ്സിൽ 33 കുട്ടികളും പരിശീലനം നേടിവരുന്നു. 8-ാം ക്ലാസ്സിൽ 40 കുട്ടികൾ പ്രവേശന പരീക്ഷയ്ക്കായി ഒരുങ്ങിക്കോണ്ടിരിക്കുന്നു.**

## നിർവാഹക സമിതി അംഗങ്ങൾ

**ചെയർമാൻ : ശ്രീ. ജോബി എടച്ചേരി (പിടിഎ പ്രസിഡന്റ് )**

**കൺവീനർ : ശ്രീമതി ഷാൻറി വി കെ(ഹെഡ് മിസ്ട്രസ്)**

**സാങ്കേതിക ഉപദേഷ്ടാവ് : ശ്രീമതി മായ ആന്റണി**

**ജോയിന്റ് കൺവീനർ : ശ്രീ. തോമസ് സീജെ (കൈറ്റ് മാസ്റ്റർ)**

**ശ്രീമതി സബിത മാത്യു (കൈറ്റ് മിസ്ട്രസ് )**

**യൂണിറ്റ് ലീഡർമാർ: റിമാ ജയിംസ്**

**ഫിയോണ മരിയ**

**സ്കൂൾ ലീഡർ : ഡോൺ തോമസ്**

**Unit No : LK/2018/47075**

# സൗഹൃദം




ജീവിതത്തിലെ ഏറ്റവും വലിയ നിധികളിലൊന്നാണ് സൗഹൃദം. നിങ്ങൾ നിരാശയിലായിരിക്കുമ്പോൾ നിങ്ങളെ ചിരിപ്പിക്കാൻ വിശ്വസ്തരായ സുഹൃത്തുക്കൾ എപ്പോഴും ഉണ്ടാകും, തെറ്റുകൾ ഒഴിവാക്കാൻ നിങ്ങളെ സഹായിക്കാൻ അവർ ഭയപ്പെടുന്നില്ല, നിങ്ങളുടെ താൽപ്പര്യങ്ങൾക്കായി അവർ നോക്കുന്നു. ഇത്തരത്തിലുള്ള ചങ്ങാതിയെ കണ്ടെത്താൻ പ്രയാസമാണ്, പക്ഷേ അവർ ജീവിതകാലം മുഴുവൻ നിലനിൽക്കുന്ന ഒരു സൗഹൃദം വാഗ്ദാനം ചെയ്യുന്നു. മറ്റ് സുഹൃത്തുക്കൾ അത്ര സ്നേഹമുള്ളവരായിരിക്കില്ല. വിശ്വാസവഞ്ചനയാൽ തകർന്ന സൗഹൃദം മൂലമുണ്ടാകുന്ന വേദന മറികടക്കാൻ എളുപ്പമല്ല. വാസ്തവത്തിൽ, പല കവിതകളും പ്രചോദനം കണ്ടെത്തുന്നത് സ്നേഹനിർഭരമായ സൗഹൃദം നൽകുന്ന സന്തോഷത്തിൽ നിന്നോ പരാജയപ്പെട്ട സൗഹൃദം മൂലമുണ്ടാകുന്ന വേദനയിൽ നിന്നോ ആണ്.

**Keerthana Baiju**

# വിദ്യാഭ്യാസത്തിൽ വാർത്താ മാധ്യമങ്ങൾക്കുള്ള പങ്ക്

എലിസബത്ത് മരിയ (9B)




പഠനം എന്നത് കേവലം ഉരുവിട്ടു പഠിക്കൽ അല്ല; വിദ്യാർത്ഥി വിജ്ഞാനം ക്രമമായി സ്വീകരിക്കുന്നതിലൂടെയാണ് പഠനം പുരോഗമിക്കുന്നത് . പഠനം നടക്കുമ്പോൾ വിദ്യാർത്ഥി ലഭ്യമായ എല്ലാ മേഖലകളിൽ നിന്നും അറിവ് സംഭരിക്കുന്നു. അവിടെയാണ് മാധ്യമങ്ങളുടെ ആവശ്യകത ഉയരുന്നത്.

ഏത് ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥി ആയിക്കൊള്ളട്ടെ, തങ്ങൾക്കൊത്ത വിധം ലഭ്യമാകുന്ന അറിവുകളാണ് സ്വായത്തമാക്കുന്നത്. പഠന സങ്കല്പങ്ങൾ മാറി വന്നതോടെയാണ് മാധ്യമങ്ങളുടെ പ്രാധാന്യം വിദ്യാഭ്യാസത്തിൽ വർധിച്ചത്. പാഠപുസ്തകങ്ങളിൽ നിന്നും മോചിതനായ വിദ്യാർത്ഥി പരിസരം പാഠപുസ്തകമാക്കി . അവൻറെ ചുറ്റും ഓരോ ദിവസവും നടക്കുന്ന കാര്യങ്ങൾ അവന് അറിവിൻറെ കേന്ദ്രമായി. ഈ സാഹചര്യത്തിലാണ് പത്രങ്ങളും ദൃശ്യമാധ്യമങ്ങളും അവന് സഹായികളായി വന്നത്. ഇന്നത്തെ വിദ്യാഭ്യാസം ലക്ഷ്യമാക്കുന്നത് കുറെ ബിരുദധാരികളെ

സൃഷ്ടിച്ചെടുക്കുന്നതിൽ അല്ല. പ്രാവീണ്യമുള്ള വ്യക്തികളെ സൃഷ്ടിക്കുക എന്നതാണ് ഇന്നത്തെ വിദ്യാഭ്യാസത്തിൻറെ ലക്ഷ്യം.


പുതിയ തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിനും അതിൽ പ്രാവണ്യം നേടുന്നതിനും ഏതൊരു വിദ്യാർത്ഥിയും വാർത്താമാധ്യമങ്ങളെ ആശ്രയിക്കേണ്ടിവരും.

ഇവിടെ വാർത്താ മാധ്യമങ്ങൾക്ക് വന്ന മാറ്റവും നാം അറിയേണ്ടതുണ്ട്. കുറച്ചുകാലം മുമ്പുവരെ, വാർത്താമാധ്യമങ്ങൾ കേവലം സംഭവങ്ങൾ അറിയിക്കുന്ന ഒന്നു മാത്രമായിരുന്നു. രാജ്യത്തുനടക്കുന്ന കേവല വാർത്തകൾ നമ്മളിലേക്ക് എത്തിക്കുന്നവ മാത്രമായിരുന്ന മാധ്യമങ്ങൾ. എന്നാൽ ഇന്നതല്ല സ്ഥിതി. വിജ്ഞാനവും വിനോദവും പകർന്നുതരുന്ന സുഹൃത്താണ് മാധ്യമങ്ങൾ. പത്രവും റേഡിയോയും ടെലിവിഷനും ഏറ്റവും നൂതനമായ വിജ്ഞാനം പോലും തൽസമയം നമ്മുടെ മുന്നിലെത്തിക്കുന്നു. വിദ്യാർഥിക്കു വിവരശേഖരണത്തിന് പുസ്തകങ്ങൾ തേടി പോകേണ്ട കാര്യമിന്നില്ല. ഒരു ചെറിയ കാര്യം അറിയുവാൻ ചിലപ്പോൾ ഒരു പുസ്തകം മുഴുവൻ വായിക്കേണ്ടി വരുന്ന സ്ഥിതി പണ്ടുണ്ടായിരുന്നു. ഇന്നാകട്ടെ ഇൻറർനെറ്റിലൂടെ കുട്ടിക്ക് തനിക്കുവേണ്ട വിവരം മാത്രം നിമിഷത്തിനുള്ളിൽ ലഭിക്കുന്നു. അറിവിൻറെ കൃത്യത, സൂക്ഷ്മത, സമയലാഭം തുടങ്ങി പല ഗുണങ്ങളും ഈവിധ വിവര ശേഖരണത്തിനുണ്ട്. മാധ്യമങ്ങളുടെ വളർച്ച വിദ്യാഭ്യാസത്തെ വളരെ സ്വാധീനിച്ചിരിക്കുന്നു.

സാഹിത്യ സാങ്കേതിക വിദ്യാഭ്യാസ രംഗങ്ങളിൽ മാധ്യമങ്ങളുടെ കടന്നുകയറ്റം അറിയാതിരിക്കുന്നവരാണ് മാധ്യമങ്ങളെ കുറ്റം പറയുന്നത്. ഏതു നന്മയും തിന്മയാക്കി മാറ്റാനുള്ള മനുഷ്യൻറെ ദുഷിച്ച മനോഭാവം മാധ്യമ സ്വീകരണത്തിലും ഉണ്ടെന്നു കരുതുക. വിദ്യാർത്ഥികളുടെ ലോല വികാരങ്ങളെ ചൂഷണം ചെയ്യുന്ന വാർത്തകളും ചിത്രങ്ങളും നൽകുക, കബളിപ്പിക്കുന്ന വാർത്തകൾ നൽകുക, തെറ്റായ വിവരങ്ങൾ നൽകുക, തുടങ്ങിയവയും മാധ്യമങ്ങൾ ചെയ്യുന്നുണ്ട്. വിവേചന ബുദ്ധിയോടെ സമീപിക്കുമ്പോഴാണ് ഇത്തരം ചതിക്കുഴികൾ നമുക്ക് മനസ്സിലാകുന്നത്.

വാർത്താമാധ്യമങ്ങൾ നിരവധി ഗുണകരമായ പദ്ധതികൾ കുട്ടികൾക്ക് വേണ്ടി നൽകുന്നുണ്ട്. ഇൻറർനെറ്റ് വഴി ഓൺലൈൻ ട്യൂഷൻ വരെ സാധ്യമായി കഴിഞ്ഞു. ദൃശ്യമാധ്യമരംഗത്ത് ഡോക്യുമെൻററി കൾക്കും അഭിമുഖങ്ങൾക്കുമൊക്കെ പുറമേ വിദ്യാർത്ഥികൾക്ക് വേണ്ടി ധാരാളം പരിപാടികൾ അവതരിപ്പിക്കുന്നുണ്ട്. ക്വിസ് പ്രോഗ്രാമുകൾ, പുസ്തക നിരൂപണം, പഠനസഹായികൾ, പരീക്ഷകളെക്കുറിച്ചു ള്ള സംപ്രേക്ഷണങ്ങൾ എന്നിവയെല്ലാം ദൃശ്യമാധ്യമം നടത്തുന്ന വിദ്യാഭ്യാസ പ്രോത്സാഹന പരിപാടികളാണ്.

# കുഞ്ഞുണ്ണി മാഷ്



മലയാളത്തിലെ ആധുനിക കവികളിലൊരാളാണ് കുഞ്ഞുണ്ണിമാഷ് (മേയ് 10, 1927 - മാർച്ച് 26, 2006)[1]. ദാർശനിക മേമ്പൊടിയുള്ള ഹ്രസ്വകവിതകളിലൂടെ ശ്രദ്ധേയനായി.

ബാലസാഹിത്യ മേഖലയിൽ ഇദ്ദേഹത്തിന്റെ സംഭാവനകൾ വ്യാപകമായ അംഗീകാരം നേടിയിട്ടുണ്ട്. ഇക്കാരണത്താൽ കുട്ടിക്കവിതകളാണ് കുഞ്ഞുണ്ണിമാഷിന്റെ സവിശേഷത എന്ന ധാരണ വേരുറച്ചു പോയിട്ടുണ്ട്.ഞായപ്പള്ളി ഇല്ലത്തെ നീലകണ്ഠൻ മൂസതിന്റെയും അതിയാരത്തു നാരായണി അമ്മയുടെയും മകനായി 1927 മേയ് 10-ന് കുഞ്ഞുണ്ണിമാഷ് ജനിച്ചു[2]. ചേളാരി ഹൈസ്കൂളിൽ അദ്ധ്യാപകനായി തന്റെ ഔദ്യോഗികജീവിതം ആരംഭിച്ച കുഞ്ഞുണ്ണിമാഷ് തന്റെ ജീവിതത്തിന്റെ സിംഹഭാഗവും കോഴിക്കോട്ടാണ് ചെലവഴിച്ചത്. 1953-ൽ കോഴിക്കോട് ശ്രീരാമകൃഷ്ണാ മിഷൻ ഹൈസ്കൂളിൽ അദ്ധ്യാപകനായി ചേർന്നു. 1982-ൽ അദ്ധ്യാപനരംഗത്തുനിന്ന് വിരമിച്ചു. 1987-ൽ സ്വദേശമായ വലപ്പാട്ടേക്ക് തിരിച്ചുപോകുകയും തൃശൂരിൽ സാമൂഹ്യ-സാംസ്കാരിക പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്തു.കുഞ്ചൻ നമ്പ്യാരുടെ ഭാഷാശാസ്ത്രമാണ് കുഞ്ഞുണ്ണിമാഷിനെ ഏറെ സ്വാധീനിച്ചത്. കുട്ടിക്കാലത്ത് ഏറേയും വായിച്ചത് കുഞ്ചൻ

നമ്പ്യാരുടെ തുള്ളൽ കൃതികളായിരുന്നു.സ്കൂൾ വിദ്യാർ ത്ഥിയായിരിക്കുന്ന സമയത്ത് തുള്ളക്കഥകൾ എഴുതി സ്വയം അവതരിപ്പിച്ചിരുന്നു.പത്താം തരം കഴിഞ്ഞ സമയത്ത് യുഗപ്രപഞ്ചം എന്ന തുള്ളലെഴുതി കവിയായി അറിയപ്പെട്ടുതുടങ്ങി.മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ ബാലപംക്തിയിൽ കുട്ടേട്ടൻ എന്ന പേരിൽ എഴുതിയിരുന്നു. എഴുതിത്തുടങ്ങുന്നവർക്ക് വഴികാട്ടിയായി അദ്ദേഹം നല്കിയ നിർദ്ദേശങ്ങൾ വളരെ വിലപ്പെട്ടതായി കുട്ടികൾ കണക്കാക്കിയിരുന്നു. മലയാളത്തിലെ പല എഴുത്തുകാരെയും കൈപിടിച്ച് വളർത്തിക്കൊണ്ടുവന്നത് കുഞ്ഞുണ്ണിമാഷാണ്.ഭാഷാശുദ്ധി കുഞ്ഞുണ്ണിമാഷുടെ പ്രധാനപ്പെട്ട പരിഗണനയായിരുന്നു. എങ്ങനെ ലളിതവും വ്യക്തവുമായ ഭാഷയിൽ എഴുതാം എന്നു വ്യക്തമാക്കുന്ന മാഷുടെ കുറിപ്പുകൾ കുട്ടികൃഷ്ണമാരാരുടെ മലയാള ശൈലിയോട് ചേർത്തു വെക്കാവുന്നവയാണ്. പഴഞ്ചൊല്ലുകൾ, കടങ്കഥകൾ എന്നിവയിൽ പ്രകടമാകുന്ന ഭാഷാസ്വരൂപവും കാവ്യഭാവനയും അദ്ദേഹം എടുത്തുകാട്ടി. നമ്പൂതിരിഭാഷയും ഫലിതവും മാഷ് പഠനവിധേയമാക്കിയ മറ്റൊരു വിഷയമാണ്.കുഞ്ഞുണ്ണിക്കവിതകളും ബാലകവിതകളും വേർതിരിയുന്ന അതിർവരമ്പ് നേർത്തതാണ്. അതിനാൽ അദ്ദേഹത്തെ പലപ്പോഴും ബാലസാഹിത്യകാരനായാണ് പരിഗണിക്കപ്പെട്ടത്. ബാലസാഹിത്യം അദ്ദേഹത്തിന്റെ പ്രിയപ്പെട്ട പ്രവർത്തനരംഗവുമായിരുന്നു. വലപ്പാടുള്ള അതിയാരത്തുവീട്ടിൽ കുട്ടികൾ മാഷെ തേടിയെത്തുക പതിവായിരുന്നു. കുട്ടികളുമായി സല്ലപിക്കുകയും അവരുടെ സംശയങ്ങൾക്ക് മറുപടി നല്കുകയും ചെയ്യുന്ന ഒരു അപ്പൂപ്പനായി വാർദ്ധക്യകാലത്ത് അദ്ദേഹം കഴിഞ്ഞു. പോസ്റ്റു കാർഡുകളിൽ കുട്ടികളുടെ കത്തുകൾക്കു മറുപടിയും കുട്ടികളുടെ സാഹിത്യ സൃഷ്ടികൾക്കു തിരുത്തലുകളും അദ്ദേഹം അയച്ചു.തന്റെ പൊക്കമില്ലായ്മയെ കുറിച്ച് അദ്ദേഹം ഇങ്ങനെ പറഞ്ഞു. പൊക്കമില്ലായ്മയാണെന്റെ പൊക്കം.മരണം

# ചന്ദ്രയാൻ 1



ഇന്ത്യയുടെ ആദ്യ ചന്ദ്രപരിവേഷണ ദൗത്യമാണ് ചന്ദ്രയാൻ 1. ശ്രീഹരിക്കോട്ടയിൽ നിന്ന് 1380 കിലോഗ്രാം ഭാരമുണ്ടായിരുന്ന ഉപഗ്രഹത്തെ പി.എസ്.എൽ.വി.സി. 11 വാഹനത്തിലാണ് വിക്ഷേപിച്ചത്( 22 ഒക്ടോബർ 2008).

2008 നവംബർ 8 -ന് ചന്ദ്രന് ചുറ്റമുള്ള ഭ്രമണപദത്തിൽ പ്രവേഷിച്ച. ചന്ദ്രയാനിലെ ത്രിവർണ്ണ നിറമുള്ള മൂൺ ഇംപാക്ട് പ്രോബ് നവംബർ 14 ന് ചന്ദ്രനിൽ പതിച്ച .ഇതോടെ ചന്ദ്രനിൽ പതാക നാട്ടിയ നാലാമത്തെ രാജ്യമായി ഇന്ത്യ.


ആകെ 312 ദിവസം ചന്ദ്രനെ പ്രദക്ഷിണം വെച്ച. ചന്ദ്രയാനിൽ നിന്നുള്ള റേഡിയോ സിഗ്നലുകൾ 2009 ആഗസ്റ്റ് 28 മുതൽ ലഭിക്കാതായതിനെ തുടന്ന് ചന്ദ്രയാൻ ദൗത്യം അവസാനിപ്പിച്ചതായി ഐ.എസ്.ആർ.ഒ പ്രഖ്യാപിച്ച. അമേരിക്ക,യൂറോപ്യൻ സ്പേസ് ഏജൻസി, സോവ്യറ്റ് യൂണിയൻ,ചൈന, ജപ്പാൻ,എന്നിവക്കുശേഷം ചന്ദ്രന്റെ ഭ്രമണപദത്തിൽ സ്വന്തം പേടകമെത്തിക്കുന്ന രാജ്യമാണ് ഇന്ത്യ.
എം.അണ്ണാദുരയായിരുന്നു ചന്ദ്രയാൻ 1-ന്റെ പ്രോജക്ട് ഡയറക്ടർ.

ചന്ദ്രനിൽ മഞ്ഞുപാളിയുടെ രൂപത്തിൽ വൻജലശേഖരം ചന്ദ്രയാൻ 1 കണ്ടെത്തി. ചന്ദ്രന്റെ ഉത്തരധ്രുവത്തിനു ചുറ്റമുള്ള നാൽപതോളം ഗർത്തങ്ങളിലായി ഏകദേശം 60 കോടി ടൺ ജലം മഞ്ഞുരൂപത്തിൽ ഉറഞ്ഞുകിടക്കുന്നുണ്ടെന്നാണ്

**കണ്ടെത്തൽ.ചന്ദ്രയാൻ 1 ൽ ഉണ്ടായിരുന്ന നാസയുടെ നിരീക്ഷണ ഉപകരണമായ മിനി-സാർ ശേഖരിച്ച ചിത്രങ്ങളാണ് ഇതിന് തെളിവ്.**

**Meenakshi TS**

# ആടുജിവിതം




കേരള സാഹിത്യ അക്കാടമി അവാർഡ് ലഭിച്ച, നൂറു പതിപ്പുകൾ പിന്നിട്ട,മലയാള സാഹിത്യരംഗത്തെ സുവർണ്ണരേഖയായി മാറിയ ബെന്യാമിന്റെ പ്രധമകൃതിയാണ് ഈ നോവൽ. ആധുനിക മലയാളസാഹിത്യത്തിലെ ഈ നോവൽ വായനയിൽ സമാനതകളില്ലാത്ത വസന്തം സൃഷ്ടിച്ച മുന്നേറുന്ന കൃതിയാണ് ആടുജീവിതം. ജീവിതത്തിൽ നിന്ന് ചീന്തിയെടുത്ത ഒരേടല്ല; ചോരവാർക്കുന്ന ജീവിതം തന്നെയാണ്. ബെന്യാമിന്റെ ആടുജീവിതം എന്ന നോവലിനെക്കുറിച്ചുള്ള അഭിപ്രായമാണിത്. അതിലുപരി അതൊരു വാസ്തവമാണ്. സഹൃദയരായ വാനയക്കാർ മാത്രമല്ല, ജീവിതത്തിന്റെ സമസ്തതലങ്ങളിലുമുള്ള മുഴവൻ ആളുകളും വായിച്ചിരിക്കേണ്ട പുസ്തകം എന്ന് ഈ കൃതിയെ ഒട്ടും അതിശയോക്തിയില്ലാതെ വിശേഷിപ്പിക്കാം. തന്റെ തൃപ്തിക്കായോ, വായനക്കാരന്റെ ആസ്വാദനത്തിനായോ ബെന്യാമിൻ തുന്നിച്ചേർക്കലുകളൊന്നും നടത്തിയിട്ടില്ല. നോവലിൽ ബെന്യാമിൻ നജീബിന്റെ കഥ പറയുകയല്ല, മറിച്ച് ആ മനുഷ്യന്റെ ആത്മാവിൽ അലിഞ്ഞുചേർന്ന് അയാൾ നജീബാവുകയാണ്. നോവും നൊമ്പരവും കഷ്ടതയും നിസ്സഹായവസ്ഥയും അതിന്റെ തീവ്രത ഒട്ടും നഷ്ടപ്പെടാതെ ആവിഷ്കരിച്ച കഥാകൃത്തിന്റെ നൈപുണ്യം പ്രശംസനീയം തന്നെ.

ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി താലൂക്കിൽ ആറാട്ടുപുഴ പഞ്ചായത്തിൽ 1962 മെയ് 15-ന് ജനിച്ച നജീബ് എന്ന വ്യക്തിയുടെ യഥാർത്ഥ ജീവിതത്തെ ആസ്പദമാക്കിയാണ് ബെന്യാമിൻ ആടുജീവിതം എന്ന നോവൽ രചിച്ചിരിക്കുന്നത്.

കേരളത്തിൽ ഒരു മണൽവാരൽ തൊഴിലാളിയായി ജോലി ചെയ്തിരുന്ന വ്യക്തിയാണ് നജീബ്. ഒരു സുഹൃത്തിന്റെ സഹായത്തോടെ അയാൾക്ക് സൗദി അറേബ്യയിലേക്കുള്ള വിസ ലഭിച്ചു. അതോടെ നജീബിന്റെ ഉള്ളിൽ ഒരു പ്രത്യാശയുടെ നാമ്പുമുളയ്ക്കുന്നത് വായനക്കാരനായ എനിക്ക് വ്യക്തമാക്കാൻ സാധിച്ചു. നജീബിന്റെ കൂടെ ഹക്കീം എന്ന കൂട്ടുകാരനും വിസ ലഭിച്ചിട്ടുണ്ടായിരുന്നു. റിയാദിൽ വിമാനം ഇറങ്ങിയ ഇരുവരും ഒരു തെറ്റിദ്ധാരണയുടെ പുറത്ത് സ്പോൺസറാണ് എന്ന് കരുതി ഒരു അറബിയെ കണ്ടുമുട്ടുന്നു. ആ കൂടിക്കാഴ്ചയാണ് നജീബിന്റെ ജീവിതത്തിന്റെ നിലപാടിന് കാരണമായത്. ഇവർ ഇരുവരും അറബാബിന്റെ കൂടെചെന്ന് എത്തിയത് മസ്ര എന്ന രണ്ടു തോട്ടങ്ങളിലായിരുന്നു. വൃത്തിഹീനമായ സാഹചര്യത്തിൽ ആടുകളേയും ഒട്ടകങ്ങളേയും പരിപാലിച്ചുകൊണ്ടുള്ള വിശ്രമമില്ലാത്ത ജീവിതമായിരുന്നു മസറയിൽ നജീബിനെ കാത്തിരുന്നത്.

മസറയിൽ ചെന്നെത്തിയ നജീബ് കണ്ടത് അവിടുത്തെ വേലക്കാരനായ ഒരു 'ഭീകരരൂപി'യെ ആയിരുന്നു. എന്നാൽ നജീബ് വന്നതിന് കുറച്ചുനാൾ കഴിഞ്ഞപ്പോഴേക്കും അയാൾ മരണപ്പെട്ടുഎന്നാൽ തോട്ടങ്ങളിൽ എത്തിയതിന് ശേഷം നജീബും ഹക്കീമും കണ്ടുമുട്ടിയിട്ടില്ല. ഹക്കീമിനെക്കുറിച്ച് നജീബ് വളരെ വ്യാകുലനായിരുന്നു. പിന്നീട് നജീബിന് ഒരു അടിമപ്പണി തന്നെയായിരുന്നു. എന്നാൽ ആ ഭീകരരൂപിയുടെ മരണത്തിന് ശേഷം നജീബിന് ആ മസറയിലെ എല്ലാ ജോലികളും ചെയ്യേണ്ടിവന്നിരുന്നു.

പച്ചപ്പാലും, കുബ്ബൂസ് എന്ന അറബിറൊട്ടിയും, ചുരുങ്ങിയ അളവിൽ വെള്ളവും മാത്രമായിരുന്നു ആകെ കിട്ടിയിരുന്ന ഭക്ഷണം. താമസിക്കാൻ മുറിയോ, കിടക്കയോ, വസ്ത്രമോ, കുളിക്കുന്നതിനോ, മറ്റേതെങ്കിലും തരത്തിലുള്ള ശുചിത്വപരിപാലനത്തിനോ ഉള്ള സാഹചര്യമോ ഉണ്ടായിരുന്നില്ല. അറബാബ് സ്ഥിരമായി നജീബിനെ മർദ്ദിച്ചിരുന്നു. കഥയിലെ ചില വരികൾ മർദ്ദനത്തിന്റെ തീവ്രത വർധിപ്പിക്കുന്നു. പിന്നീട് നജീബ് ആ ജീവിതവുമായി ഇണങ്ങിച്ചേരുന്നു. ആടുകൾക്ക് നാട്ടിലെ കഥാപാത്രങ്ങളുടേയും സ്വന്തക്കാരുടേയും പേരുകൾ നൽകി അവരുമായി സംവദിച്ചാണ് തന്റെ ഏകാന്തതയ്ക്ക് നജീബ് ആശ്വാസം കണ്ടെത്തിയത്. ഒരുദിവസം നജീബ് ഹക്കീമിനെ കാണാൻ ചെന്നപ്പോൾ ഹക്കീമിന്റെ കൂടെ ഒരു സൊമാലിയക്കാരനെ ഏർപ്പെടുത്തിയതറിഞ്ഞു. അവർ മൂന്നുപേരും കൂടി ആ മസറയിൽ നിന്ന് ഒളിച്ചോടാൻ ശ്രമിച്ചു. മറ്റൊരു അറബാബിന്റെ മകളുടെ വിവാഹത്തിൽ സംബന്ധിക്കാൻ പോയ സമയം നോക്കിയാണ് ഇവർ ഒളിച്ചോടാൻ ശ്രമിക്കുന്നത്.

മസറയിൽ നിന്ന് ഒളിച്ചോടിയതിന് ശേഷമാണ് മരുഭൂമിയുടെ വലുപ്പം ശരിക്കും നജീബ് വ്യക്തമാക്കിയത്. വിറങ്ങലിച്ച മണൽത്തരികളിലൂടെ കുറേ ദിവസത്തെ യാത്രകൾ നജീബിനെ പല പാഠങ്ങളും പഠിപ്പിച്ചു. മരുഭൂമിയിലൂടെ ദിവസങ്ങൾ നീണ്ടുനിന്ന പലായനത്തിൽ ദിശ നഷ്ടപ്പെട്ട അവർ ദാഹവും വിശപ്പും കൊണ്ടു വലഞ്ഞു. യാത്രക്കിടയിൽ ദാഹം സഹിക്കാതെ ഹക്കീം മരിച്ചു. പിന്നെയും പലായനം തുടർന്ന ഖാദരിയും നജീവും ഒടുവിൽ ഒരു മരുപ്പച്ച കണ്ടെത്തി. അവിടെ ദാഹം തീർത്ത് കുറച്ച് ദിവസം തങ്ങിയ ശേഷം അവർ വീണ്ടും യാത്ര തുടർന്നു. ഒടുവിൽ നജീബ് ഒരു ഹൈവേയിൽ എത്തുമ്പോഴേക്ക് ഖാദരിയെ കാണാതായിരുന്നു. അവിടെ നിന്നും, ഒരു അറബി അയാളെ തന്റെ കാറിൽ കയറ്റി, അടുത്ത പട്ടണമായ റിയാദിലെ ബഹ്തയിൽ എത്തിച്ചു.

ബത്ഹയിൽ എത്തിയ നജീബ്, കുഞ്ഞിക്കയുടെ ദീർഘനാളത്തെ പരിചരണത്തിനൊടുവിൽ മനുഷ്യരൂപവും ആരോഗ്യവും വീണ്ടെടുത്തു. നാട്ടിലേയ്ക്കു മടങ്ങാൻ വേണ്ടി പോലീസിൽ പിടികൊടുത്തു. ഷുമേസി ജയിലിലെ ഏതാനും മാസങ്ങൾക്ക് ശേഷം നജീബിന്റെ അറബി ജയിലിൽ വന്ന് നജീബിനെ തിരിച്ചറിഞ്ഞെങ്കിലും തിരിച്ച് കൊണ്ടുപോയില്ല. അയാളുടെ നിസ്സഹായത കണ്ടിട്ടാകാം അത് ചെയ്യാഞ്ഞത്. എന്നാൽ അത് നജീബിന് വേറൊരു ജീവിതം സൃഷ്ടിച്ചുകൊടുക്കുകയായിരുന്നു. എന്നാൽ നജീബ് അയാളുടെ വിസയിലെ ആളായിരുന്നില്ല. തുടർന്ന്, ഇന്ത്യൻ എംബസി നൽകിയ ഔട്ട്പാസ് മുഖേന നജീബ് നാട്ടിൽ തിരിച്ചെത്തുന്നു.

ഒരു അതിജീവനത്തിന്റെ കഥ തന്നെയാണ് 'ആടുജീവിതം.' യാതനയും വേദനയും നിറഞ്ഞ കുറച്ചുനാൾ അയാളെ ആകെ ഇല്ലാതാക്കുന്നു. മനുഷ്യന്റെ സഹനശേഷിയെ വിരൽ ചൂണ്ടുകയാണ് ഈ നോവൽ. അതിനാൽതന്നെ ഈ നോവലിന് ഇന്നും എന്നും വളരെ പ്രാമുഖ്യം നിറഞ്ഞു നിൽക്കുന്നു. 'ആടുജീവിതം' വെറുമൊരാളുടെ കഥയല്ല, നാം അറിയാതെ പോകുന്ന ഏതൊക്കെ മനുഷ്യ ജീവന്റെ കഥയായിരിക്കാം. എന്നാലും ഈ നോവൽ നമ്മെ പലതും പഠിപ്പിച്ചുതരുന്നു. നാം അനുഭവിക്കുന്ന ജീവിതമെല്ലാം നമുക്ക് വെറും കെട്ടുകഥകൾ മാത്രമാണ്. ബെന്യാമിൻ ഒരു വ്യത്യസ്ത രീതിയിലാണ് ഈ നോവൽ രചിച്ചിരിക്കുന്നത്. അതിനാൽതന്നെ അവ നോവലിന്റെ ഭാവതീവ്രത വർധിപ്പിക്കുന്നു.

നജീബ് ഇന്നലെകളെക്കുറിച്ച് വ്യാകുലപ്പെടുകയോ നാളയെക്കുറിച്ച് ആകാംക്ഷപ്പെടുകയോ ചെയ്തിരുന്നില്ല. എന്നാൽ ഇന്നിനെ എങ്ങനെ നേരിടാം എന്നുമാത്രം ചിന്തിച്ചു. മസറയിൽ ഓരോ ജോലി ചെയ്യുമ്പോഴും നജീബിന്റെ മനസ്സിലേക്ക് സ്വന്തം വീടും, നാടും, ഉമ്മയും ഭാര്യയുമെല്ലാം കടന്നുവരുന്നുണ്ട്.

അവയെല്ലാം ഒരു ഓർമ്മകൾ മാത്രമായി മാറുമെന്നായിരുന്നു നജീബിന്റെ ഭയം എന്നാൽ മസറയിൽ നിന്ന് ഒളിച്ചോടിയ നിമിഷം അയാളുടെ മനസ്സിൽ ഒരു പുതുജീവൻ ഉടലെടുക്കുന്നു.ആടുജിവിതം സാങ്കൽപികഭ്രവിഭിഗത്തിൽ നടക്കുന്ന സാങ്കല്പികജിവിതത്തെക്കുറിച്ചുള്ള ചോരയും നീരുമുള്ള നോവലാണ്

Treesa Thomas

# അമ്മ




അമ്മയാണ്
സത്യം

അമ്മ തന്നെ സ്നേഹം
അമ്മയാണ് കൺമുന്നിൽ കാണുന്ന ദൈവം
ദൈവത്തിനെല്ലാം നൻകളുമില്ലെ
അവയെല്ലാം ഈ മണ്ണിൽ അമ്മയിൽ മാത്രം

-സായാ ജോൺസൻ

# കഥകളി



*കഥകളി ഒരു രംഗ കലയാണ്.പാട്ടിനും താളമേളങ്ങൾക്ക് അനുസരിച്ച് കഥ അഭിനയിച്ച കാണിക്കുന്ന കലയാണ്.പച്ച, കത്തി മിനുക്ക് എന്ന കുറച്ചു വേഷങ്ങൾ ഇതിൽ ഉൾപ്പെടുന്നു.അംഗങ്ങൾ കൊണ്ട് കാണിക്കുന്ന ചേഷ്ടകളായ ആംഗികാഭിനയം, വേഷഭൂഷകൾ കൊണ്ടുണ്ടാക്കുന്ന ആഹാര്യാഭിനയം ഭാവങ്ങളിൽ നിന്നുണ്ടാകുന്നസാത്വികാഭിനയം, വാചികാഭിനയം എന്നിവ ചേർന്ന നടന കലയാണ് കഥകളി*

***By***
***Varnana Rajesh***

# ലഹരി ഒരു മരണക്കെണി

*ലഹരിയൊരു ഭ്രാന്താണ്*
*ഭ്രാന്താണ്,ഭ്രാന്താണ്*
*ഇന്നത്തെ നാടിന്റെ ശാപമാണ്*
*അച്ഛനമമ്മയും സോദരരുമെന്ന*
*ബന്ധങ്ങൾ പോലും മറന്നീടുന്ന*
*കുഞ്ഞുമക്കളെ പോലും നശിപ്പിക്കുന്ന*

*ലഹരിക്കടിമയായ് തീരുമ്പോഴോർക്കുക*
*നാളെ നാം മാറാരോഗികളായീടും*
*നാടിന്റെ വാഗ്ദാനമായൊരു യുവതയെ*
*കാർന്നുതിന്നീടും ഈ ലഹരി*

*ലഹരിയൊരു ഭ്രാന്തായി മാറുന്ന ലോകത്ത്*
*ഇന്നു നാം ജീവിതം ജീവിച്ച് തീർക്കുന്നു*
*നാടിന് സേവനം ചെയേണ്ടവർ നമ്മൾ*
*ലഹരിക്കടിമയായ് മാറരുതേ*
*ഒടുവിൽ നാം ഓർക്കേണ്ടതൊന്നുണ്ട കൂട്ടരേ*
*മരണത്തിലേക്കാണ് പോകുന്നത്*
*നമ്മൾ മരണത്തിലേക്കാണ് പോകുന്നത്.*

*-ഫിയോണ മരിയ*

# പ്രകൃതിയും മനുഷ്യനും



ആകാശം, വായു, ജലം, മണ്ണ്, ഭൂമി ഇവ ചേർന്നതാണ് പ്രകൃതി.പ്രകൃതി നമ്മുടെ അമ്മയാണ്.മനുഷ്യർ പ്രകൃതിയുടെ ഒരു ഭാഗം തന്നെയാണ്.മറ്റേതുജീവജാലങ്ങളെപ്പോലെ തന്നെ പ്രകൃതിയിൽ നിന്ന് വേറിട്ടൊരു നിലനിൽപ്പ് മനുഷ്യന് സാധ്യമല്ല. പക്ഷേ പ്രകൃതിയെ മനുഷ്യർ സംരക്ഷിക്കുന്നതിനുപരം ആധിപത്യം സ്ഥാപിക്കാനാണ് ശ്രമിക്കുന്നത്. പല തരത്തിൽ അവർ പ്രകൃതിയെ നശിപ്പിച്ചുക്കൊണ്ടിരിക്കുന്നു.കുന്നിടിച്ചും,വയൽനികത്തിയും, ജലസ്രോതസുകൾ മലിനീകരിച്ചും,പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ

നിക്ഷേപിച്ചും,കത്തിച്ചും അവർ പ്രകൃതിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ ഒരു കാലത്തും പ്രകൃതിയെ നമുക്ക് തോൽപ്പിക്കാനാവില്ല.പ്രകൃതി തിരിച്ചടിക്കുക തന്നെ ചെയ്യും.പ്രകൃതി ദുരന്തങ്ങളായും, വൈറസുകളായും പ്രകൃതി മനുഷ്യനെതിരെ ആഞ്ഞടിക്കും. ഇപ്പോൾ തന്നെ കണ്ണുകൾ കൊണ്ടുപോലും കാണാൻ കഴിയാത്ത കൊറോണ വൈറസിനു മുമ്പിൽ ലോകമാകെ വിറച്ചു നിൽക്കുകയാണ്. ലോകമെമ്പാടുമുള്ള ലക്ഷക്കണക്കിനു ആളുകളെ ഇത് കൊന്നൊടുക്കി കഴിഞ്ഞിരിക്കുന്നു. ഇത് നമുക്കൊരു പാഠമാണ്. പ്രകൃതിക്ക് മുമ്പിൽ മനുഷ്യർ ഒന്നുമല്ലയെന്ന വലിയൊരു പാഠം.

By Alaina shaju.

# അയ്യങ്കാളി(1868-1941)



1868 ഓഗസ്റ്റ് 28 വെങ്ങാനൂരിൽ

ജനിച്ചു(തിരുവനന്തപുരം).അച്ചൻ അയ്യനും അമ്മ

മാലയുമായിരുന്നു.അയ്യങ്കാളിയെ പുലയരുടെ രാജാവെന്ന് വിശേഷിപ്പിച്ചത്

ഗാന്ധിജി ആയിരുന്നു.ഇന്ദിരാ ഗാന്ധി ഇന്ത്യയുടെ മഹാനായ പുത്രൻ

എന്നും വിശേഷിപ്പിച്ചു.1911-ൽ അയ്യങ്കാളി

ശ്രീമൂലം പ്രജാസഭയിൽ അംഗമായി. തിരുവിതാംകൂർ കർഷക

തൊഴിലാളികളുടെ ആദ്യ പണിമുടക്ക് സമരം നയിച്ചത്

അയ്യങ്കാളിയായിരുന്നു.1941 ജൂൺ 18  മരണമടഞ്ഞു.

BY

VARNANA RAJESH

# കലാമണ്ഡലം കല്യാണിക്കുട്ടിയമ്മ



*കല്യാണിക്കുട്ടിയമ്മ 1915-ൽ തെക്കേ മലബാറിൽ കരിങ്ങമണ്ണിൽ ജനിച്ചു. മോഹിനിയാട്ട നർത്തകയും നൃത്താധ്യാപികയുമാണ്. കലാണ്ഡലം കൃഷ്ണൻനായർ ആണ് ഭർത്താവ്.*

*പ്രധാനകൃതികൾ-മോഹിനിയാട്ടം ചരിത്രവും ആട്ടപ്രകാരവും, പഥികയും വഴിയോരത്തെ മണിദീപങ്ങളും, അപരിജിതരുടെ രാത്രി, അഗ്രയാനം*

*മുഖ്യബഹുമതികൽ-രാജ്യാ സംഗീത അക്കാദാമി ഫെല്ലോഷിപ്പ്[1973], കേരള സംഗീത നാടക അക്കാദമി അവാർഡ്[1974] കാളിദാസ് പുരസ്കാരം,1994 ലെ കേരള സാഹിത്യ അക്കാദമിഅവാർഡ് പഥികയും വഴിയോരത്തെ മണിദീപങ്ങളും എന്ന കൃതിക്ക് ലഭിച്ചു. 1999-ന് മരച്ചു.*

*അമൽ പ്രകാശ് 9D*

# മാലിന്യ നിർമ്മാർജനവും പ്രകൃതി സംരക്ഷണവും



ഇന്ന് നമുക്കുള്ള നിയമങ്ങളും സംവിധാങ്ങളും പരിസ്ഥിതി സംരക്ഷണത്തിനു മതിയാവാതെ വരുന്നുണ്ട്.
നിയമങ്ങൾ നടപ്പിലാക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി സർക്കാരിനുണ്ടോ എന്നതാണ പ്രശ്നം.പലപ്പോഴും വേലിതന്നെ വിളവുതിന്നുന്ന കാഴ്ചയാണ് നാം കാണുന്നത്.പാരിസ്ഥിതിക പ്രശ്നങ്ങളൊരു രാജ്യത്തെ മാത്രമല്ല, ലോകത്തെലായിടത്തും അതിന്റെ അലയൊലികൾ ദൃശ്യമാണ്.വൈവിധ്യമാർന്ന ജീവികൾ വസിക്കുന്നതാണ് നമ്മുടെ പ്രകൃതി.പ്രകൃതിവിഭവങ്ങളുടെ സംരക്ഷണവും ഉപയോഗവും കൂടാതെ ജീവികൾക്കു നിലനിൽക്കാനാവില്ല.സസ്യ,ജന്തു ജാലകങ്ങൾ അടങ്ങിയ പരിസ്ഥിതിയിൽ ജീവന്റെ നിലനിൽപ്പിനാവിശ്യമായ വിഭവങ്ങൾ ധാരാളമുണ്ട്.ഈ പ്രകൃതി വിഭവങ്ങളെ വേണ്ടവിതം സംരക്ഷിച്ചില്ലകിൽ

**പ്രകൃതിയുടെ സന്തുലനവ്യവസ്ഥക്ക് കോട്ടം തട്ടും.എന്നാൽ നമ്മുടെ പരിസ്ഥിതി പലവിധത്തിലും മലിനമാണ് .**

**കേരളത്തിൽ മനുഷ്യവാസമുള്ള ഓരോ ഇടവും രൂക്ഷമായ പരിസ്ഥി പ്രശ്നമായിമാറുകയാണ്. നഷ്ടപ്പെട്ടുപോയ പ്രകൃതി ഭംഗിയെ തിരിച്ചുക്കൊണ്ടുവരുക, പ്രക്രുതി സംരക്ഷണത്തിനും, മാലിന്യ നിർമ്മാർജ്ജനത്തിനും പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നതാണ് പ്രധാനം. ഇന്ന് നമ്മുക്കുള്ള നിയമങ്ങൾ പരിസ്ഥിതി സംരക്ഷണത്തിനുമതിയാവാതെ വരുന്നുണ്ട്.പ്രകൃതിയെ എല്ലവിധത്തില്ലും പരിസ്ഥിതി പ്രതിസന്ധികളിൽ നിന്നും വേർപ്പെടുത്തി മനുഷ്യന്റെയും ജീവജാലങ്ങളുടെയും ആവാസകേന്ദ്രമായി മാറ്റാൻ സാധിക്കുകയൊള്ളൂ.**

**സായ ജോൺസൻ 9D**

# യഥാർത്ഥ സൗന്ദര്യം

ഒരിക്കൽ ഒരു മനുഷ്യൻ തന്റെ കൃഷിയിടത്തിൽ നിന്ന് അതിമനോഹരമായ ഒരു വെണ്ണക്കൽ പ്രതിമ കുഴിച്ചെടുത്തു. സൗന്ദര്യവസ്തുക്കളെ സ്നേഹിക്കുകയും അവ ശേഖരിക്കുകയും ചെയ്തിരുന്ന ഒരാളുടെ അടുത്തേക്ക് അയാൾ അതുമായി ചെന്നു. അയാൾ ആ പ്രതിമയെ ഒരു വലിയ തുകയ്ക്ക് സൗന്ദര്യാസ്വാദകനു വിറ്റു. പണവുമായി വീട്ടിലേക്ക് മടങ്ങുമ്പോൾ അയാൾ ഇങ്ങനെ ചിന്തിക്കാൻ തുടങ്ങി,ഈ പണം എന്തുമാത്രം ജിവിതസൗകര്യങ്ങളാണ് നൽകുന്നത്! എല്ലാവരാലും അവഗണിക്കപ്പെട്ട് ആയിരത്തോളം വർഷങ്ങളായി മണ്ണിനുള്ളിൽ പുതഞ്ഞു കിടന്നിരുന്ന ഒരു മൃതശിലാഖണ്ഡത്തിനു പകരമായി ഇത്രമാത്രം പണം നൽകി ഏതു വിഡ്ഢി വിലയ്ക്കു വാങ്ങും? അതേ സമയം തന്റെ കൈയിൽ എത്തിചേർന്ന പ്രതിമയിലേക്ക് നോക്കി ഇങ്ങനെ ചിന്തിക്കുക ആരുന്നു; എന്തൊരു സൗന്ദര്യം! ആയിരം വർഷങ്ങളുടെ നിർമ്മലമധുരമായ നിദ്രയ്ക്കുശേഷം എന്റെ കൈകളിലെത്തി ചേർന്നിരിക്കുന്നത്! മൃതവും സ്വപ്നവുരഹിതവുമായ പണത്തിനു പകരമായി ഇതിനെ കൈമാറാൻ ആർക്കു തോന്നും!

–ഫിയോണ മരിയ

# ചിലത്

*ചില സന്ധ്യകൾ ചുവന്ന് തുടിക്കാറില്ല......*
*ചില മുകിൽ മാലകൾ പെയ്തൊഴിക്കാറില്ല......*
*ചില രാത്രികൾ നിലാവിനെ വിട്ടകലാറുമില്ല......*
*ചില നേരം കാറ്റിന് സുഗന്ധമില്ല......*

*ചില മോഹങ്ങൾ സഫലമാകാറുമില്ല......*
*ചില സത്യങ്ങൾ ആരും ഓർക്കാറുമില്ല......*
*ചില സ്നേഹങ്ങൾ ആരും തിരിച്ചറിയാറുമില്ല......*
*ചില ചോദ്യങ്ങൾക്ക് ഉത്തരവും ഉണ്ടാകാറുമില്ല......*

*By*
*Varnana Rajesh*

# അക്ബർ കക്കട്ടിൽ



നോവലിസ്റ്റ്,അധ്യാപകൻ തുടങ്ങിയ നിലകളിൽ പ്രശസ്തൻ

കോഴിക്കോട് ജില്ലയിലെ കക്കട്ടിൽ ജനിച്ചു.

അധ്യാപകകഥകളെഴുതി പ്രശസ്തനായി.

പ്രധാനകൃതികൾ-ശമീലാഫഹ്മി,അധ്യാപകഥകൾ,ആറാംകാലം,

വടക്കനിന്നൊരു കുടുബവൃത്താന്തം,മൃത്യുയോഗം,സ്ത്രൈണം,

സ്കൂൾ ഡയറി,ഹരിതാഭകൾക്കപ്പുറം

മുഖ്യബഹുമതികൾ-കേരള സഹിത്യ അക്കാദമി അവാർഡ്,

അബുദാബി ശക്തി അവാർഡ്,ജോസഫ് മുണ്ടശ്ശേരി അവാർഡ്.

നിഖിൽ രവീന്ദ്രൻ 9C

# അനുഭവക്കുറിപ്പ്



ഞാൻ ഒരിക്കൽ പേരാമ്പ്രയിൽ പോയി.ബസ്സിലായിരുന്നു പോയത്. കൂടെ അമ്മയും ഉണ്ടായിരുന്നു.ഞങ്ങൾ രണ്ടുപേരും അവിടെനിന്ന് സാധനങ്ങൾ എല്ലാം വാങ്ങി.ബാങ്കിൽ ഒക്കെ പോയി.എല്ലാം കഴിഞ്ഞ് തിരികെ ബസ്സ് സ്റ്റോപ്പിൽ എത്തി.ബസ്സ് വന്നിട്ടുണ്ടായിരുന്നില്ല.മുതുകാട് ബസ്സായിരുന്നു വരാനുള്ളത്.അര മണിക്കൂറിനു ശേഷമേ ബസ്സ് എത്തുകയുള്ളൂ.ഞാനും അമ്മയും ബസ്സ് വരാനായി കാത്തിരിക്കുകയായിരുന്നു.അപ്പോൾ അതിലെ കൈ സുഖമില്ലാത്തൊരുരാൾ വരുന്നുണ്ടായിരുന്നു.ഭിക്ഷ തേടിയാണ് അയാൾ വന്നത്.അവിടെ കുറെ ആളുകൾ ഉണ്ടായിരുന്നിട്ടും,ചുരുക്കം ചിലരാണ് അയാൾക്ക് പണം നൽകിയത്.ഞങ്ങളുടെ അടുത്ത് വന്നപ്പോൾ,അമ്മയോട് ഞാൻ പറഞ്ഞു"അയാൾ കുറച്ച് പണം കൊടുക്ക്,കൈ വയ്യാത്ത ആളല്ലേ" അമ്മ അൻപത് രൂപ അയാൾക്ക് കൊടുത്തു.അത് അയാൾ വാങ്ങിയപ്പോൾ,അയാളുടെ മുഖത്തുണ്ടായ സന്തോഷം

വലുതായിരുന്നു.ഞങ്ങളോട് അയാൾ നന്ദി പറഞ്ഞു.അവിടെ  അത്ര ആളുകൾ ഉണ്ടായിട്ടും കുറച്ച് പേരാണ് അയാൾക്ക് പണം കൊടുത്തത്. എല്ലാവരും അദ്ദേഹത്തിന് പണം നൽകിയിരുന്നെകിൽ വലിയൊരു തുക ലഭിച്ചേനേ.ആ പണം കൊണ്ട് അയാൾക്ക് മാത്രം ഒരു നേരത്തെ ആഹാരം കഴിക്കാം.അയാൾക്ക് ഒരു കുടുംബമൊക്കെ കാണില്ലേ...ഈ കാലത്ത് ജീവിക്കുന്നവർക്ക് കുറച്ച് സഹായമനസ്കത ഉണ്ടായിരുന്നെകിൽ എത്ര പാവങ്ങൾക്ക് ജീവിക്കാം.

**Stenimol Sebastian**

# ജീവചരിത്ര കുറിപ്പ്-സുഗതകുമാരി



മലയാളത്തിലെ പ്രശസ്ത കവിയത്രിയും പരിസ്ഥിതി പ്രവർത്തകയുമായ സുഗതകുമാരി 1934 ജനവരി 22 ന് തിരുവിതാംകൂറിലെ ആറൻമുളയിൽ ജനിച്ചു. പിതാവ് പ്രശസ്ത കവിയും സ്വാതന്ത്ര്യസമരസേനാനിയുമായിരുന്ന ബോധേശ്വരനും മാതാവ് തിരുവനന്തപുരം വിമൻസ് കോളേജിലെ സംസ്കൃതം പ്രൊഫസറായിരുന്ന കാർത്ത്യാനി അമ്മയുമാണ്.

തത്വശാസ്ത്രത്തിൽ എം.എ ബിരുദം നേടിയിട്ടുണ്ട്.തിരുവനന്തപുരം ജവഹർബാലഭവന്റെ പ്രിൻസിപ്പൽ,വനിതാ കമ്മീഷന്റെ അധ്യക്ഷ,കേരള ഫിലിം സെൻസർ ബോർഡ് അംഗം തുടങ്ങിയ ചുമതലകൾ വഹിച്ചു.

1980 കൾക്ക് ശേഷമാണ് സുഗതകുമാരി തന്റെ കവിതാതലം മാറ്റാൻ തുടങ്ങിയത്.കുട്ടികൾക്ക് സ്നേഹവും വാത്സല്യവും നൽകുന്ന ഒരമ്മയാണ് സുഗതകുമാരി.മനുഷ്യജീവിതത്തിലെ പച്ചയായ യഥാർത്ഥ്യങ്ങളെ പൊള്ളുന്ന തരത്തിൽ തന്റെ കവിതകളിലൂടെ ആവിഷ്കരിച്ച മലയാളത്തിന്റെ പ്രിയപ്പെട്ട കവിയത്രി 2020 ഡിസംബർ 23 ന് ഈ ലോകത്തോട് വിട പറഞ്ഞു......

**keerthana baiju**

# മഴ

നനയാത്ത
ജനൽ വാതിലുകളിലൂടെ
നോക്കി
ചിതറി തെറിച്ച
മഴ ചാറ്റലുകൾ
മാത്രം നനഞ്ഞ്
നാമെത്ര
മഴത്തുള്ളികളെയാണ്
കുടക്ക് മാത്രം
നനയാൻ കൊടുത്തത്.



-Saya Johnson

# പി കേശവദേവ്



പ്രശസ്ത നോവലിസ്റ്റും ചെറുകഥാകൃത്തും നാടകകൃത്തും തൊലാളി പ്രസ്ഥാന പ്രവർത്തകനുമായിരുന്ന കേശവപിള്ള എന്ന പി കേശവദേവ് 1904 ജൂലായ് 20 ന് എറണാകുളം ജില്ലയിലെ വടകൻ പറവൂരിലെ കെടാമംഗലത്ത് ജനിച്ചു. ശ്രീ അപ്പുപ്പിള്ളയും ശ്രീമതി കാർത്യായനിയമ്മയുമാണ് മാതപിതാക്കൾ. സമൂഹത്തിന്റെ ഏറ്റവും തഴെത്തട്ടിൽ കഷ്ടപ്പെടുന്ന മനുഷ്യരുടെ ജീവിതാവസ്ഥകളെ തന്റെ കൃതികളിലൂടെ തുറന്നു കാട്ടിയ അദ്ദേഹം, അനീതിക്കും അസമത്വത്തിനും അസ്വാതന്ത്ര്യത്തിനുമെതിരരെ കലഹിക്കുകയും പോരടുകയും ചെയ്യുന്ന മനുഷ്യസമൂഹത്തിന്റെ പ്രതിനിധിയായിരുന്നു. അധികാരി വർഗ്ഗത്തെ എതിർക്കുന്ന ആശയങ്ങൾക്ക് പ്രചാരണം നൽകുന്നതിൽ മുൻപന്തിയിൽ നിന്ന അദ്ദെഹം എതിർപ്പിന്റെ ശബ്ദത്തിലൂടെ സാമ്പ്രദായക തിന്മകൾക്ക് ഏറ്റവും നിസ്സാരംമെന്ന തോന്നുന്ന സംഭവങ്ങൾ പോലും വിശയമാവുകയും സമൂഹത്തിലെ ഏറ്റവും താഴ്ന്ന തലത്തിലുള്ളമനുഷ്യൻ കഥാപാത്രങ്ങളാവുകയും ചെയ്തു. ഓടയിൽ നിന്ന്, ഭ്രാന്താലയം, അയൽക്കർ, ഞൊണ്ടിയുടെ കഥ, കണ്ണാടി, പങ്കലക്ഷിയുടെ ഡയറി, രണ്ടമ്മയും ഒരു മകനും, വെളിച്ചംകേറുന്നു, എനിക്കും ജീവിക്കണം തുടങ്ങിയ നോവലുകളും. അന്നത്തെ നാടകം, ഉഷസ്സ്, കൊടിച്ചി, ഒരു രാത്രി,മലക്കറിക്കാരി,ഉണർച്ച്, ഘോഷയാത്ര തുടങ്ങിയ ചെറുകഥകളും.നാടകകൃത്ത്,മുന്നോട്ട്,പ്രധാനമന്ത്രി,കേശവദേവിന്റെ നാടകൾ തുടങ്ങിയനാടകങ്ങളും രചിച്ചിട്ടുണ്ട്.

1964-ൽ അയൽക്കാർ എന്ന നോവലിന് കേന്ദ്ര സാഹിത്യ അക്കാദമി അവർഡും 1970-ൽ സോവിയറ്റ് ലാൻഡ് അവാർഡും കിട്ടിയിട്ടുണ്ട്. കേരള സാഹിത്യ അക്കദമി ഫെലോഷിപ്പ് ലദിച്ചിട്ടുള്ള അദ്ദേഹം 1983 ജൂലായ് 1 ന് അന്തരിച്ചു.

Merlin


# ഓണം



ഒരു ചെടിയും നട്ടുവളർത്തീ-
ലോണപ്പൂവെങ്ങനെ നുള്ളാൻ
ഒരു വയലും പൂട്ടി വിതച്ചീ-
ലോണച്ചോറെങ്ങനെയുണ്ണാൻ
ഒരു വാഴക്കന്നും നട്ടീ-
ലോണപ്പഴമെങ്ങനെ തിന്നാൻ
ഒരുകഴിനൂൽപോലും നൂറ്റി-
ലോണപ്പാട്ടെങ്ങനെ പാടാൻ
ഒരു കരളിൽ സ്നേഹം പാകീ-
ലോണക്കളിയെന്തു കളിക്കാൻ
ഉള്ളത്തിൽക്കള്ള കർക്കടകം
എങ്ങനെ പൊന്നോണം പുലരാൻ

*By Alaina shaju*

# കുഞ്ചൻ നമ്പ്യാർ



പതിനെട്ടാം നൂറ്റാണ്ടിലെ (1705-1770) പ്രമുഖ മലയാള ഭാഷ കവിയാണ് **കുഞ്ചൻ നമ്പ്യാർ.** പ്രതിഭാസമ്പന്നനായ കവി എന്നതിനു പുറമേ തുള്ളൽ എന്ന നൃത്തകലാരൂപത്തിന്റെ ഉപജ്ഞാതാവെന്ന നിലയിലും പ്രസിദ്ധനായ നമ്പ്യാരുടെ കൃതികൾ മിക്കവയും തുള്ളൽ അവതരണങ്ങളിൽ ഉപയോഗിക്കാൻ വേണ്ടി എഴുതപ്പെട്ടവയാണ്. നർമ്മത്തിൽ പൊതിഞ്ഞ സാമൂഹ്യവിമർശനമാണ് അദ്ദേഹത്തിന്റെ കൃതികളുടെ മുഖമുദ്ര. മലയാളത്തിലെ ഹാസ്യകവികരിൽ അഗ്രഗണനീയനാണ് നമ്പ്യാർ.

സമൂഹവിമർശനം, നിശിതമായ ഫലിതപരിഹാസങ്ങൾ, കേരളീയത, സാധാരണക്കാരന്റെ ഭാഷ, ലോകോക്തികൾ എന്നിവയെല്ലാം നമ്പ്യാരുടെ കൃതികളുടെ ലക്ഷണങ്ങളായി നിരൂപകർ എടുത്തു പറയുന്നു. അദ്ദേഹത്തിന്റെ രചനകളുടെ ഈ പ്രത്യേകതകൾ കവിക്ക് വലിയ ജനപ്രീതി നേടിക്കൊടുത്തു. ജനകീയ കവി എന്ന് നമ്പ്യാർ വിശേഷിക്കപ്പെടാറുണ്ട്. പുരാണകൃതികളെ അവലംബിച്ചായിരുന്നു നമ്പ്യാരുടെ മിക്ക തുള്ളൽ കൃതികളും എങ്കിലും അവയിൽ കഴിയുന്നത്ര നർമ്മവും സാമൂഹ്യപ്രസക്തിയുള്ള പരിഹാസവും കലർത്തുവാൻ കവി ശ്രദ്ധിച്ചിരുന്നു. നളചരിതത്തിൽ, സന്ദേശം വഹിച്ചുകൊണ്ടു പറന്നുപോകുന്ന അരയന്നം കണ്ട ദേശാന്തരങ്ങളിലെ കാഴ്ചകൾ വർണ്ണിക്കുന്ന ഭാഗം പ്രസിദ്ധമാണ്.

പതിനെട്ടാം ശതകത്തിൽ കേരളത്തിൽ നിലവിലിരുന്ന സാമൂഹിക സ്ഥിതിയിലേക്ക് നമ്പ്യാരുടെ കൃതികൾ വെളിച്ചം വീശുന്നു. ഭൂസ്ഥിതി, സസ്യപ്രകൃതി, ജലവിനിയോഗം, പാരമ്പര്യജന്തു വിജ്ഞാനം, നാടൻ തത്ത്വചിന്ത, നാട്ടു വിദ്യാഭ്യാസരീതി, നാടൻ വിനോദങ്ങൾ, ഉത്സവങ്ങൾ, അങ്ങാടി വാണിഭം, നാടൻ മത്സ്യബന്ധനം, ചികിത്സാരീതികൾ, കൃഷിയറിവുകൾ, കടലറിവുകൾ, കാട്ടറിവുകൾ, നാടൻ ഭക്ഷണ രീതികൾ, നാട്ടു സംഗീതം, മുത്തശ്ശിച്ചൊല്ലുകൾ തുടങ്ങിയ മണ്ഡലങ്ങൾ നമ്പ്യാർ കവിത വിശദമാക്കുന്നു.

സമൂഹത്തിലെ തിന്മകളെ തന്റെ ഫലിതം കലർന്ന ശൈലിയിൽ നമ്പ്യാർ വിമർശിക്കുന്നത് പലയിടത്തും കാണാം.

രാജ്യകാര്യങ്ങളെ ക്ലേശിക്കയെന്നൊരു വ്യാജംനടിച്ചു സമസ്ത സാധുക്കളെ
തേജോവധംചെയ്തു വിത്തമാർജ്ജിച്ചുകൊണ്ടാജീവനാന്തം കഴിക്കുന്നിതുചിലർ.

എന്ന ഹരിണീസ്വയംവരത്തിലെ വിമർശനം ഭരണാധികാരികളേയും ഉദ്യോഗസ്ഥവൃന്ദത്തേയും ആയിരിക്കണം ലക്ഷ്യമാക്കിയത്.

വൈദ്യം പഠിക്കണം ദ്രവ്യമുണ്ടാക്കുവാൻ
കാരസ്കരഘൃതം ഗുൽഗുലുതിക്തകം
ചേരുന്ന നെയ്യുകളുമെണ്ണപൊടികളും സാരമായുള്ള ഗുളികയും കൊണ്ടുചെ-
ന്നോരോരോവിധം പണം കൈക്കലാക്കീടുന്നു.

എന്ന് ധനമോഹികളായ വൈദ്യന്മാരെ വിമർശിക്കുന്ന ധ്രുവചരിതത്തിലെ ഭാഗം പ്രസിദ്ധമാണ്.

തുള്ളലുകളുടെ ഭാഷയായി നമ്പ്യാർ തെരഞ്ഞെടുത്തത് സംസാരഭാഷയോട് ഏറ്റവും അടുത്ത സാധാരണക്കാരന്റെ ഭാഷയാണ്. അത് അവയ്ക്ക് കൂടുതൽ സ്വീകാര്യത നേടിക്കൊടുത്തു. സാധാരണക്കാർക്ക് രുചിക്കുന്ന കവിത അവരുടെ ഭാഷയിൽ തന്നെ ആയിരിക്കണം എന്ന് നമ്പ്യാർ പറഞ്ഞിട്ടുണ്ട്:-

ഭടജനങ്ങടെ നടുവിലുള്ളൊരു പടയണിക്കിഹ ചേരുവാൻ
വടിവിയന്നൊരു ചാരുകേരള ഭാഷതന്നെ ചിതം വരൂ
ഭാഷയേറിവരുന്ന നല്ലമണിപ്രവാളമതെങ്കിലോ
ഭൂഷണം വരുവാനുമില്ല: വിശേഷഭൂഷണമായ്‌വരും

മലയാളത്തിലെ പ്രസിദ്ധമായ പല ലോകോക്തികളും നമ്പ്യാർക്കവിതയിൽ നിന്ന് വന്നവയാണ്:-

- നെല്ലും പണങ്ങളുമുണ്ടെന്നുറച്ചിട്ടു കല്ലിലും പുല്ലിലും ളുകിത്തൊടങ്ങൊലാ.
- കണ്ടാലറിവാൻ സമർഥനല്ലെങ്കിൽ നീ കൊണ്ടാലറിയുമതിനില്ല സംശയം.
- കൂനൻ മദിച്ചെന്നാൽ ഗോപുരം കുത്തുമോ?

***തുടങ്ങിയവയുടെ ഉറവിടം കല്യാണസൗഗന്ധികമാണെങ്കിൽ, താഴെപ്പറയുന്നവ കിരാതത്തിൽ നിന്നാണ്. ഇദ്ദേഹത്തിന്റെ കൃതികൾ വായിച്ച രസിക്കാതെ മലയാളനാട്ടിൽ ഒരുവനും വിദ്വാൻ എന്നോ മലയാളി എന്നോ ഉള്ള പേരിന് അർഹനാകുന്നതല്ല. ഇദ്ദേഹം ചിരിപ്പിച്ച ദീർഘായുസാക്കീട്ടുള്ളവരും ഇനിയും ആക്കുന്നവരും ആയ ജനങ്ങളുടെ സംഖ്യ നിർണ്ണയിക്കാൻ പാട്ടുള്ളതല്ല. മലയാളഭാഷ നിലനിൽക്കുന്നിടത്തോളം കാലം കുഞ്ചൻ നമ്പ്യാരുടെ യശസ്സും നിലനിൽക്കുന്നതാണ്.*** ***Treesa Thomas***

# കെ കേളപ്പൻ(1889-19710)

കെ കേളപ്പൻ ജനിച്ചത് -1889 ഓഗസ്റ്റ് 24 ന് (പയ്യോളിക്കടുത്ത് മൂടാടി)യിൽ.കേരള ഗാന്ധി എന്നറിയപ്പെടുന്ന കെ കേളപ്പൻ എൻ.എസ്.എസിന്റെ സ്ഥാപക പ്രസിഡന്റായിരുന്നു.വൈക്കം സത്യാഗ്രഹത്തിന്റെ നേതാവായിരുന്നു.ഗുരുവായൂർ സത്യാഗ്രഹ കമ്മിറ്റിയുടെ സെക്രട്ടറിയായിരുന്നു.1952 ൽ കെ കേളപ്പൻ  ഗുരുവായൂർ ക്ഷേത്ര സന്നിതിയിൽ നടത്തിയ നിരാഹാര സത്യഗ്രഹം ഗാന്ധിജിയുടെ അഭ്യർത്ഥന പ്രകാരമാണ് അവസാനിപ്പിച്ചത്.ഇന്ത്യക്ക് സ്വാതന്ത്യം ലഭിക്കുന്ന സമയത്ത് കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ അധ്യക്ഷനായിരുന്നു കെ കേളപ്പൻ

Meenakshi T.S

# വിശ്വം ദീപമയം



അരുൺ ഒരു സമ്പന്ന കുടുംബത്തിൽ ജനിച്ചവനാണ്.ആണും പെണ്ണുമായി ഒരെണ്ണം.ഒരുപാട് കാശ് ഉള്ളതുകൊണ്ടുതന്നെ അവൻ അഹങ്കാരിയായിരുന്നു. കൂട്ടുകാർക്ക്ക്കൊപ്പം ആവശ്യത്തിലതികം പണം ചെലവഴിക്കുകയും ഇതിന്റെ പേരിൽ അച്ഛൻ അവനെ വഴക്കുപറയുന്നതും പതിവായിരുന്നു.അങ്ങനെയിരിക്കെ പത്രിൽ ഒരു വാർത്ത കണ്ടു അടുത്തുള്ള ബാലഭവനിൽ ഒരു കുട്ടിക്ക് ഹൃദ്രോഗത്തെ തുടർന്ന് ചികിത്സയിലാണെന്നും ചികിത്സിക്കാൻ 10 ലക്ഷം രൂപ വേണമെന്നും.അരുണിന് സഹായിച്ചാലോ എന്നൊരുതോന്നൽ.എന്നാൽ കൂട്ടുകാരുടെ അഭിപ്രായം വേണ്ട എന്നായിരുന്നു,ശരിയാണെന്ന് അവനും തോന്നി. എന്നാൽ പിന്നിടവന് ഉറക്കമില്ലാതെയായി.പിന്നിടവൻ വേണ്ടത്രയും തുക ബാലഭവന് സംബാവനചെയിതു.എന്തന്നില്ലാത്ത സന്തോഷം അവൻ അനുഭവിച്ചു.

**Jeena T Johnson**

# മഞ്ഞവെയിൽ



അഭിനന്ദ് ബിജു Vill th Std

രണ്ടായിരത്തി പത്തൊൻപതിൽ നടന്ന ഒരു അനുഭവം ഓർത്തെടുത്ത് കഥ പോലെ എഴുതുകയാണ്.
അമ്മയേയും അച്ഛനെയും ഒന്ന് അമ്പരപ്പിക്കണം പുസ്തകവും പേനയും എടുത്ത് കണ്ണൻ മഞ്ഞമുളയുടെ തണലിലേക്ക് പോയി. അനിയത്തി കുറുമ്പി കാണരുത്. കണ്ടാൽപിന്നെ തീർന്നു രണ്ടു ദിവസമായി മഴ കുറവുണ്ട്.ലേശച്ചെ വെയിലുണ്ട് .മഞ്ഞവെയിൽ. മഞ്ഞ മുളചില്ലയിൽ തട്ടി ചിതറി വീഴുന്ന വെയിൽ ചീളുകൾ നോക്കി നിന്നു പോയി .നല്ല മഞ്ഞനിറം വേഗം കാര്യം കഴിക്കണം മൂത്രമൊഴിക്കാൻപോയതാന്ന് കരുതി അനിയത്തി വരില്ല അവളുടെ ഇടിയും തൊഴിയുംസഹിക്കാ തെവരുമ്പോൾഒരേട ന്റെ പവ്വർ കാണിച്ച പോകും. ഇടയ്ക്ക് തിരിച്ചുംകൊടുക്കാറുണ്ട്.വേഗം പേപ്പറിലേക്ക് എഴുതിതുടങ്ങി .

മുത്തങ്ങയിലേക്ക് പ്രകൃതി പഠനക്യാമ്പിന് പോകാന് ഒരുക്കങ്ങൾ തുടങ്ങി. ടെലിൻ റോബിനും എനിക്കും കിട്ടിയചാൻസിൽ അതിയായ സന്തോഷമുണ്ട്. കാരണം കേരളത്തിലെ എല്ലാ സ്കൂളിൽനിന്നും രണ്ട് കുട്ടികൾ രണ്ട് ടിച്ചർ പിന്നെ ജില്ലാ കളകടർ. സന്തോഷത്തിന് അതിരില്ല. ചിറക് വച്ച്പറക്കുംമ്പോലെ....അതി ലേറെ ഭയവും...

**പോകേണ്ട ദിവസം രാവിലെ പത്ത് മണിക്ക് അമ്മ പറഞ്ഞു...കണ്ണാ ... മോനേ...ക്യാമ്പ്നിർത്തിവച്ചു ഇനിയൊരു അറിയിപ്പുണ്ടാകുംവരെ ഉണ്ടാവില്ല . ഒരു മാസത്തേക്ക് പള്ളിക്കൂടവും അടച്ചു. നാട്ടിലാകെ കൊറോണ എന്ന പകർച്ചവ്യാധി പടർന്നിരിക്കുന്നു.**

**എന്താമ്മേ..? കൊറോണ കൂടുതലൊന്നും അമ്മയ്ക്കും പിടിയില്ല. ഗ്രാമങ്ങളിലുംപട്ടണങ്ങളിലുംലോക രാജ്യങ്ങൾ വരെ എന്ത് ചെയ്യണമെന്നറിയാതെ പകച്ചു നിൽക്കുന്നു മനുഷ്യർ മരിച്ചു തുടങ്ങിയിരിക്കുന്നു. മക്കൾ പുറത്തിറങ്ങി കളിക്കണ്ട. മാസ്ക് വച്ച് പുറത്ത് പോകണമത്രേ.**

**നിർദേശങ്ങൾ കൂടികൂടി വന്നു. വീട്ടിൽ സോപ്പിന്റെ കൂടെ സാനിട്ടറൈസിന്റെ കുപ്പി കൂടി ഇടം പിടിച്ചു. അയകളിൽ വച്ചാലുകളെപ്പോലെ പലനിറത്തിലുള്ള മാസ്ക്കുകളും തൂങ്ങിയാടി.**
**ദിവസങ്ങൾ കൊഴിഞ്ഞു വീണു. ആ ദിവസങ്ങളിൽ ഒരു നാൾ വീട്ടിൽ എല്ലാർക്കും കൊറോണ കണ്ണൻ അലറി വിളിച്ച് കരഞ്ഞു .അമ്മയും അച്ഛനും ഓടി വന്നു. അമ്മ മുഖത്തേക്ക് വെള്ളം തളിച്ചു. കോറോണാ കോറോണ ... മോനേ ഇല്ലാ.. കണ്ണാ ... അമ്മ ഉറക്കെ പറഞ്ഞു.പേടിച്ച് വിറച്ച് പകച്ചുനോക്കുന്നതിനിടയിൽ അച്ചൻ ചിരിച്ചു കൊണ്ട് നിൽകുന്നു. അപ്പോഴാണ് മനസ്സിലായത്. അത് ഒരു സ്വപ്നമായിരുന്നു എന്ന് .സ്വപ്നങ്ങൾക്കും കോറോണ പടർന്നുകൊണ്ടിരുന്നു. പിന്നീട് പേടി സ്വപനം കാണാതിരിക്കാൻ കണ്ണൻ അവന്റെ ഇഷ്ട ദൈവങ്ങളെ കൂട്ട് പിടിച്ചു...**

# നിറവസന്തം



നീ..
നിറവസന്തമായ് എന്നിൽ
പൂത്തതു നീയല്ലോ
ഉരുകുമെൻ ആത്മാവിന്
തണുവായ് മാറിയത് നിൻ
സ്പർശമല്ലോ....
സ്വാർത്ഥമീ ലോകത്തിൽ
സ്നേഹിക്കാൻ നീ എന്നെ പഠിപ്പിച്ചു
നിരാശയാൽ അണയാ
മായിരുന്ന
എൻ വെളിച്ചം പ്രത്യാശ യാൽ നീ
തെളിച്ചു
സൗഹൃദത്തിൻ വസന്തം മില്ലാത്ത
എനിക്ക്
ആത്മ സുഹൃത്തായി നീ മാറി
മാതാ -പിതാ -ഗുരു- എന്ന
സത്യത്തിലേക്കുള്ള ദൂരം നീ കുറിച്ചു
തിന്മയിലേക്ക് ചായുന്ന എൻ പാദങ്ങളെ
നന്മയിലേക്ക് നയിക്കുന്ന നിൻ വചസ്സുകൾ...
ഏകാന്ത നിമിഷങ്ങളിൽ നിൻ ഓർമ്മ എന്നെ തഴുകുന്നു....
നിന്നെ കാണാൻ നിൻ മടിയിൽ തലചായ്ക്കാൻ കൊതിച്ചു ഞാൻ അമ്മേ....

Nikhil Raveendran 9C

# അമ്മ

സ്റ്റെഫി  അന്ന IX C



അകലേയ്ക്കുനോക്കുമ്പോൾ  കൺചിമ്മിടാതെ
നോക്കിനിൽക്കുമാ  ഭംഗിയാണെന്നമ്മ
ആകാശത്തോളം ഉയരവും കടലിനോളം ആഴവുമാണെൻ അമ്മ...
സ്വന്തമായതെന്ന് പൂർണമായി പറയാൻ
പറ്റുന്ന ഒന്നേയുള്ളൂ... എൻ അമ്മ...
ഓരോ മുള്ളിന്നുമപ്പുറം പുലരുന്ന പൂക്കളെ കാണാൻ
പഠിപ്പിച്ചെന്നെ വളർത്തിയോളമ്മ
സഹനകാലത്തിന്നിടവപ്പാതിയിൽ
മഴ നനയ്ക്കാതെൻ താങ്ങായ്
നിന്നവളാണ് എൻ അമ്മ....
ഉള്ളെത്ര വിങ്ങിയാലും
മങ്ങലേൽക്കാത്ത ചിരിയാണെൻ അമ്മ...
ദൈവം ഭൂമിയിലേയ്ക്കയച്ച
മാലാഖമാരാണവർ...

# സൗഹൃദം

അഖില ജോസ് ( 9B )



ഒരിടത്ത് ഒരു പൂവും തേനീച്ചയും ഉണ്ടായിരുന്നു. എല്ലാദിവസവും ആ തേനീച്ച പൂന്തേൻ നുകരുവാൻ പൂവിന്റെഎടുത്ത് പോകുമായിരുന്നു. ഒരു ദിവസം തേനീച്ച അവിടെ ചെന്നപ്പോൾ പൂവ് കാണുന്നില്ല. തേനീച്ച താഴേക്ക് നോക്കിയപ്പോൾ പൂവ് ഞെട്ടറ്റ് കിടക്കുന്നു. തേനീച്ചക്ക് വളരെയധികം സങ്കടമായി. തേനീച്ച സങ്കടത്തോടെ നിൽക്കുന്നത് കണ്ടപ്പോൾ അവന്റെ കൂട്ടുകാരൻ ചോദിച്ചു നീയെന്താ വിഷമിച്ചിരിക്കുന്നത്? പൂവിനെ ചൂണ്ടിക്കാണിച്ച് തേനീച്ച പറഞ്ഞു എനിക്ക് എന്നും തേൻ തന്നു കൊണ്ടിരുന്ന പൂവ് താഴെ വീണു കിടക്കുന്നു. അതുകണ്ടപ്പോൾ എനിക്ക് സങ്കടം വന്നു. കൂട്ടുകാരൻ അവനെ ആശ്വസിപ്പിച്ചു. എന്നിട്ട് വേറെ പൂവ് തേടി അവർ പറന്നുപോയി



*Drawing 1:* വിഷ്ണു മനോജ്

